**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** — **07-10-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021 ൽ സ.ഉ (കൈ) നം.29/2021/വനം. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം പരിസ്ഥിതിക്കും, ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ വൃക്ഷങ്ങളും, അവയടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുന:സ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇവയ്ക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചു പിടിപ്പിക്കുന്നത് വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പരിസ്ഥിതിയ്ക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, സെന്ന തുടങ്ങിയ മരങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുന്നതുമൂലം ജനവാസ മേഖലകളേയും കൃഷിയിടങ്ങളേയും ഭക്ഷണ ആവശ്യങ്ങൾക്കായി ആശ്രയിക്കാൻ ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ പ്രേരിതരാകുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു കാരണമാകുകയും ചെയ്യുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വന്യജീവകൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ തെരഞ്ഞെടുക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ഒരു പരിധിവരെ പരിഹാരമാകുമെന്ന് കരുതുന്നു. |
| (സി) | സ്വാഭാവിക വനവൽക്കരണ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ | (സി) | സംസ്ഥാനം മുഴുവനും പ്രത്യേകിച്ച് പശ്ചിമഘട്ട മേഖലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ളതും |

| | | | |
|---|---|---|---|
| | നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും വിദേശ ഏകവിള തോട്ടങ്ങളും ഉള്ള ഭാഗങ്ങളിൽ സ്വാഭാവിക വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ